# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4801** — **05-02-2014 ൽ മറുപടിയ്ക്ക്**

### നെൽക്കൃഷി വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ

**ചോദ്യം**

ശ്രീ.വി.ശശി

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 9.63 ശതമാനത്തിൽ നിന്നും ഉയർത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്ന് വിശദീകരിക്കാമോ; | (എ) നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഉയർത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യ ധാന്യങ്ങളിൽ പ്രധാനമായ നെൽകൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി തരിശുനില നെൽകൃഷി, കരനെൽകൃഷി എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. സുസ്ഥിര നെൽകൃഷി വികസനം, കേന്ദ്ര സഹായത്തോടെയുള്ള മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി, നെല്ല് സംഭരണം, ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി, നെൽകൃഷിക്കുള്ള ഉല്പാദന ബോണസ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി, വനിതാഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതുഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിനവികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം എന്നിവയും സുസ്ഥിര കൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശുനില കൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ |

| | | | |
|---|---|---|---|
| | | | വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ.<br>ഉല്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനി കിറ്റ് വിതരണവും ഫാം ഫീൽഡ് സ്ക്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നെൽവികസന ഏജൻസികൾക്കുള്ള ധനസഹായം എന്നിവയും നടപ്പിലാക്കുന്നു. |
| (ബി) | ഇതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും അതത് വർഷങ്ങളിലുണ്ടായ ചെലവ് എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | <u>ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷം രൂപ)</u><br>2011-12 - 22878.8<br>2012-13 - 23310.58<br>2013-14 - 15432.4<br><u>ചെലവഴിച്ച തുക (ലക്ഷം രൂപ)</u><br>2011-12 - 21347.01<br>2012-13 - 22479.7<br>2013-14 - പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | ഓരോ വർഷവും നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അളവ് വ്യക്ത മാക്കാമോ? | (സി) | ഓരോ വർഷവും നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വ്യാപ്തി കുറഞ്ഞു വരുകയാണ്. |

| വർഷം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| 2005-06 | 275242 |
| 2006-07 | 263529 |
| 2007-08 | 228938 |
| 2008-09 | 234625 |
| 2009-10 | 234013 |
| 2010-11 | 213187 |
| 2011-12 | 208160 |
| 2012-13 | 197277 |

സെക്ഷൻ ഓഫീസർ